# ആത്യന്തിക വിലയിരുത്തൽ-2026]

# കേരള പാഠാവലി. ക്ലാസ്സ് 10. Answer key

**[Key by:Suresh Areekode,mukulalam malayalam.PH:9562521509]**

## 1 മുതൽ 4 വരെ — ശരിയുത്തരം

1. **"പരിദേവിതം" എന്ന പദത്തിന്റെ അർഥം**

➢ വിലാപം.

ഉത്തരം: B

2. **പിരിച്ചെഴുതിയ പദങ്ങളിൽ വ്യത്യസ്തമായത്**

കർത്താവാണ് - കർത്താവ് , ആണ് [സംവ്യതോകാരലോപം]

ഉത്തരം: C

3. **രണ്ട് പ്രസ്താവനകളും ശരിയാണ്.**

➢ ഉത്തരം: C — (i) ഉം (ii) ഉം ശരി

4. **വരികളിൽ തെളിയുന്ന കർണ്ണന്റെ പ്രത്യേകത —**

➢ മറ്റുള്ളവരെ അംഗീകരിക്കാനുള്ള മനസ്സ്.

ഉത്തരം: B

**5. കാവ്യപരമായ സവിശേഷതകൾ**

"ഭീഷ്മസമാനനരിനിവഹത്തിനു
ഭീഷ്മർ ശരശയനത്തിന്മേൽ വീണാറെ"

ഈ വരികളിൽ ആദ്യാക്ഷരപ്രാസം ദ്വിതീയാക്ഷരപ്രാസം, പദസൗന്ദര്യം, അർഥഗാംഭീര്യം എന്നിവ കാണാം. 'ഭീഷ്മ' എന്ന പദത്തിന്റെ ആവർത്തനം വരികൾക്ക് ശബ്ദഭംഗി നൽകുന്നു. ഭീഷ്മരുടെ ശരശയനവും അവസ്ഥയും ശക്തമായ ദൃശ്യബിംബമായി അവതരിപ്പിച്ചിരിക്കുന്നു. ലളിതമായ ഭാഷയിൽ ഗൗരവമുള്ള ആശയം അവതരിപ്പിക്കുന്ന എഴുത്തച്ഛന്റെ രചനാശൈലിയും ഇവിടെ പ്രകടമാണ്

**6. അർഥവ്യത്യാസം വരാതെ ലഘുവാക്യങ്ങളാക്കുക**

- ഒരു നാടിന്റെ വിചാരധാരയും ജീവിതവും അനേകം എഴുത്തുകാർ രേഖപ്പെടുത്തിയിട്ടുണ്ട്.
- നാം ആ എഴുത്തുകാരെ അറിയണം.
- കേവലം വ്യാപാരത്തിനുവേണ്ടി മാത്രം ഭാഷ പഠിക്കുന്ന മനഃസ്ഥിതി നമുക്കുണ്ട്.
- അതുകൊണ്ടാണ് നാം നമ്മുടെ അസ്തിത്വം തന്നെ കളഞ്ഞുകുളിച്ചിരിക്കുന്നത്.

**7(A). കർണ്ണന്റെ സ്വഭാവസവിശേഷതകൾ**

"കർണ്ണനും മന്ദസ്മിതം ചെയ്തു ചൊല്ലിനാൻ
കർണ്ണസുഖം ഞാൻ പറകയില്ലാരോടും"

ഈ വരികളിൽ കർണ്ണന്റെ സത്യസന്ധത, ആത്മാഭിമാനം, ആർജവം, ധീരമായ നിലപാട് എന്നിവ തെളിയുന്നു. മറ്റുള്ളവരെ സന്തോഷിപ്പിക്കുന്നതിനായി മുഖസ്തുതി പറയാൻ കർണ്ണൻ തയ്യാറല്ല. തനിക്ക് ഇഷ്ടപ്പെടുന്ന സത്യം മാത്രം പറയാതെ, ശരിയെന്ന് തോന്നുന്ന കാര്യം തുറന്നുപറയുന്ന വ്യക്തിയാണ് കർണ്ണൻ. മറ്റുള്ളവരുടെ പ്രീതിക്കുവേണ്ടി സ്വന്തം നിലപാടുകളിൽ വെള്ളം ചേർക്കാത്ത വ്യക്തിത്വമാണ് ഇവിടെ പ്രകടമാകുന്നത്.

mukulalam malayalam

**7(B). ഹംസം വിലപിച്ചതിന്റെ കാരണം**

- നളൻ ഹംസത്തെ പിടികൂടിയപ്പോഴാണ് ഹംസം ദുഃഖിതനായത്. താൻ ബന്ധനത്തിലായതോടെ തന്റെ കുടുംബത്തിന് താങ്ങില്ലാതാകുമെന്ന ചിന്ത ഹംസത്തെ വേദനിപ്പിച്ചു. പിതാവ് മരിച്ചുപോയെന്നും താനാണ് കുടുംബത്തിന്റെ ആശ്രയമെന്നും ഹംസം പറയുന്നു. സ്വാതന്ത്ര്യം നഷ്ടപ്പെടുന്നതിലുള്ള ഭയവും കുടുംബത്തെക്കുറിച്ചുള്ള ആശങ്കയുമാണ് ഹംസത്തിന്റെ വിലാപത്തിന് കാരണം.

**8. എഴുത്തച്ഛന്റെ രചനാരീതിയുടെ സവിശേഷതകൾ**

"പഞ്ചവർണ്ണക്കിളിപ്പെൺകിടാവേ! തെളിഞ്ഞെഞ്ചെവി രണ്ടും കുളർക്കപ്പറക നീ" എന്ന വരികളിലും "ചൊല്ലുവാനാവതില്ലെങ്കിലുമൊട്ടൊട്ടു ചൊല്ലുന്നതുണ്ടു കനക്കെച്ചുരുക്കി ഞാൻ" എന്ന വരികളിലും എഴുത്തച്ഛന്റെ സവിശേഷമായ രചനാശൈലി കാണാം.

എഴുത്തച്ഛൻ ലളിതവും സരസവും മധുരവുമായ ഭാഷയാണ് ഉപയോഗിക്കുന്നത്. സാധാരണക്കാർക്ക് എളുപ്പത്തിൽ മനസ്സിലാകുന്ന വാക്കുകളിലൂടെ ഗഹനമായ ആശയങ്ങൾ അവതരിപ്പിക്കുന്നു. താളാത്മകത, പദസൗന്ദര്യം, ദൃശ്യബിംബങ്ങൾ, ആവർത്തനം, വാത്സല്യഭാവം എന്നിവ രചനയ്ക്ക് ആകർഷണം നൽകുന്നു. ഇതിഹാസകഥയെ കിളിപ്പാട്ടിന്റെ ലളിതമായ ശൈലിയിൽ അവതരിപ്പിക്കുന്നതും അദ്ദേഹത്തിന്റെ പ്രത്യേകതയാണ്.

**9. "സ്വാതന്ത്ര്യം ജീവജാലങ്ങളുടെ അടിസ്ഥാന അവകാശമാണ്" — അഭിപ്രായം**

- സ്വാതന്ത്ര്യം മനുഷ്യർക്കു മാത്രമല്ല, എല്ലാ ജീവജാലങ്ങൾക്കും ആവശ്യമായ അടിസ്ഥാന അവകാശമാണ്. 'സ്വാതന്ത്ര്യത്തിന്റെ ചിറകുകൾ' എന്ന ഭാഗത്തിലെ ഹംസത്തിന്റെ വിലാപം ഇതാണ് വ്യക്തമാക്കുന്നത്. നളൻ ഹംസത്തെ പിടികൂടിയപ്പോൾ അതിന് സ്വന്തം ജീവിതത്തെയും കുടുംബത്തെയും കുറിച്ചുള്ള സ്വാതന്ത്ര്യം നഷ്ടപ്പെടുന്നു. "ശിവശിവ! എന്തു ചെയ്‌വൂ ഞാൻ!" എന്ന വിലാപത്തിൽ ബന്ധനത്തിന്റെ വേദനയും സ്വാതന്ത്ര്യം നഷ്ടപ്പെട്ടതിലുള്ള ഭയവും പ്രകടമാണ്.

ഹംസം തന്റെ കുടുംബത്തെക്കുറിച്ച് ആശങ്കപ്പെടുന്നു. താൻ ഇല്ലാതായാൽ കുടുംബത്തിന് താങ്ങില്ലാതാകുമെന്ന ചിന്ത അതിനെ കൂടുതൽ ദുഃഖിപ്പിക്കുന്നു. അതിനാൽ ജീവികളെ അവയുടെ സ്വാഭാവിക ജീവിതത്തിൽ നിന്ന് അകറ്റുന്നത് അനീതിയാണ്. മനുഷ്യന്റെ വിനോദത്തിനോ സ്വാർത്ഥതയ്ക്കോ വേണ്ടി ജീവജാലങ്ങളുടെ സ്വാതന്ത്ര്യം കവർന്നെടുക്കരുത്. എല്ലാ ജീവികൾക്കും സ്വതന്ത്രമായി ജീവിക്കാനുള്ള അവകാശമുണ്ടെന്ന സന്ദേശമാണ് പാഠഭാഗം നൽകുന്നത്.

**10. ഗദ്യഭാഗത്തിന്റെ മൂന്നിലൊന്ന് സംഗ്രഹം**

**സംഗ്രഹം:**

എഴുപതുകളിലെ ബാല്യകാലത്ത് സോവിയറ്റ് യൂണിയനിൽനിന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്ത ബാലപുസ്തകങ്ങൾ കുട്ടികൾക്ക് അത്ഭുതലോകം തുറന്നുകൊടുത്തിരുന്നു. മഞ്ഞുമനുഷ്യരും ചെന്നായയും മുയലും അപരിചിതമായ നാടുകളും കഥാപാത്രങ്ങളും നിറഞ്ഞ ആ പുസ്തകങ്ങൾ പട്ടിണിയും പരിമിതികളും മറന്ന് കുട്ടികളെ സ്വപ്നലോകങ്ങളിലേക്ക് കൂട്ടിക്കൊണ്ടുപോയി. ഗ്രാമീണ വായനശാലകളിലൂടെ വളർന്ന ആ വായനാനുഭവം ഇന്നത്തെ തലമുറയ്ക്ക് ഏറെക്കുറെ അപരിചിതമാണ്.

**11(A). വെങ്കടേശൻ — കഥാപാത്രനിരൂപണം**

വെങ്കടേശ അയ്യങ്കാർ ആത്മാഭിമാനവും സ്ഥാനമോഹവും ഉള്ള മാധ്യമപ്രവർത്തകനാണ്. വർഷങ്ങളോളം റിപ്പോർട്ടറായി ജോലി ചെയ്തിട്ടും അർഹമായ സ്ഥാനക്കയറ്റം ലഭിക്കാത്തതിൽ അയാൾ അസംതൃപ്തനാണ്. അതുകൊണ്ടുതന്നെ ചീഫ് റിപ്പോർട്ടർ സ്ഥാനം ആവശ്യപ്പെടാൻ പത്രസ്വാമിയെ സമീപിക്കുന്നു.

അതേസമയം പ്രതിസന്ധി ഘട്ടങ്ങളിൽ പതറാതെ പ്രവർത്തിക്കുന്ന ധൈര്യശാലിയും സമയോചിതമായ ബുദ്ധിയുള്ളവനുമാണ് വെങ്കടേശൻ. പത്രസ്വാമിയുടെ പട്ടി ആക്രമിച്ചപ്പോൾ ഉടുമുണ്ടഴിച്ച് അതിനെ നേരിട്ടത്

mukulam malayalam

അയാളുടെ പ്രത്യുൽപ്പന്നമതിത്വം വ്യക്തമാക്കുന്നു. അധികാരത്തിന്റെയും സ്ഥാനത്തിന്റെയും പിന്നാലെ പോകുന്നവരുടെ സ്വഭാവത്തെ പരിഹാസരൂപത്തിൽ അവതരിപ്പിക്കുന്ന കഥാപാത്രം കൂടിയാണ് വെങ്കടേശൻ.

### 11(B). **"മാതൃഭാഷ — നമ്മുടെ വേര്"**

മരത്തിന്റെ വേരുകൾ മണ്ണിൽ ഉറച്ചുനിൽക്കുന്നതുപോലെ മനുഷ്യന്റെ ജീവിതത്തിൽ മാതൃഭാഷയ്ക്ക് ആഴത്തിലുള്ള സ്ഥാനമാണുള്ളത്. മാതൃഭാഷയിലൂടെയാണ് ഒരാൾ തന്റെ സംസ്കാരത്തെയും പാരമ്പര്യത്തെയും ചരിത്രത്തെയും ജീവിതാനുഭവങ്ങളെയും അടുത്തറിയുന്നത്. മാതൃഭാഷ മറക്കുന്നത് സ്വന്തം വേരുകൾ മറക്കുന്നതിനു തുല്യമാണ്.

മാതൃഭാഷയിലൂടെയാണ് മനുഷ്യൻ തന്റെ വികാരങ്ങൾ ഏറ്റവും സ്വാഭാവികമായി പ്രകടിപ്പിക്കുന്നത്. മറ്റുഭാഷകൾ പഠിക്കുന്നത് ആവശ്യവും പ്രയോജനകരവുമാണെങ്കിലും അതിനുവേണ്ടി മാതൃഭാഷയെ അവഗണിക്കരുത്. മാതൃഭാഷ സംരക്ഷിക്കുകയും വളർത്തുകയും ചെയ്യുന്നത് നമ്മുടെ സംസ്കാരത്തെയും വ്യക്തിത്വത്തെയും സംരക്ഷിക്കുന്നതിന് തുല്യമാണ്.

### 12(A). **ഉപന്യാസം — കഥകൾ കാലത്തിന്റെ കണ്ണാടി**

കഥകൾ മനുഷ്യജീവിതത്തിന്റെ വിവിധ തലങ്ങളെ പ്രതിഫലിപ്പിക്കുന്ന സാഹിത്യരൂപമാണ്. ഓരോ കാലഘട്ടത്തിലെയും സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവുമായ സാഹചര്യങ്ങൾ കഥകളിൽ പ്രതിഫലിക്കാറുണ്ട്. അതുകൊണ്ടുതന്നെ കഥകളെ കാലത്തിന്റെ കണ്ണാടി എന്നു വിശേഷിപ്പിക്കാം.

വി.കെ.എന്നിന്റെ 'റസിഡന്റ് എഡിറ്റർ' എന്ന കഥ ഇതിന് മികച്ച ഉദാഹരണമാണ്. പത്രമാധ്യമരംഗത്തെ അനാരോഗ്യകരമായ പ്രവണതകളെ നർമ്മത്തിലൂടെയും ആക്ഷേപഹാസ്യത്തിലൂടെയും കഥാകാരൻ അവതരിപ്പിക്കുന്നു. കഴിവിനേക്കാൾ സ്ഥാനമോഹവും വ്യക്തിപരമായ താൽപര്യങ്ങളും പ്രാധാന്യം നേടുന്ന മാധ്യമലോകത്തെയാണ് കഥ പരിഹസിക്കുന്നത്. വെങ്കടേശ അയ്യങ്കാരുടെ കഥാപാത്രത്തിലൂടെ സ്ഥാനക്കയറ്റത്തിനായുള്ള ആഗ്രഹവും അധികാരകേന്ദ്രങ്ങളുടെ വിചിത്രമായ പ്രവർത്തനരീതികളും തുറന്നുകാട്ടുന്നു.

സമൂഹത്തിലെ അനീതികളും വൈരുധ്യങ്ങളും മനുഷ്യരുടെ സ്വഭാവവൈകല്യങ്ങളും തിരിച്ചറിയാൻ കഥകൾ സഹായിക്കുന്നു. അതുകൊണ്ട് കഥകൾ വെറും വിനോദത്തിനുള്ള ഉപാധികളല്ല; അവ സമൂഹത്തെ കാണാനും വിലയിരുത്താനും സഹായിക്കുന്ന കണ്ണാടികളാണ്. കാലം മാറിയാലും മനുഷ്യജീവിതത്തിലെ പല പ്രശ്നങ്ങളും നിലനിൽക്കുന്നതിനാൽ 'റസിഡന്റ് എഡിറ്റർ' പോലുള്ള കഥകൾക്ക് ഇന്നും പ്രസക്തിയുണ്ട്.

### 12(B). **'പുസ്തകങ്ങൾ നമ്മുടെ കൂട്ടുകാർ — ആസ്വാദനം**

സുഗതകുമാരിയുടെ 'പുസ്തകങ്ങൾ' എന്ന കവിത പുസ്തകങ്ങളുടെ മഹത്ത്വവും മനുഷ്യജീവിതത്തിലെ അവയുടെ സ്ഥാനവും മനോഹരമായി അവതരിപ്പിക്കുന്നു. സുഖത്തിലും ദുഃഖത്തിലും, ഇരുട്ടിലും നിരാശയിലും, അറിവിനായുള്ള അന്വേഷണത്തിലും പുസ്തകങ്ങൾ മനുഷ്യന് കൂട്ടായും ആശ്വാസമായും മാറുന്നു.

കവി പുസ്തകങ്ങളെ വെളിച്ചം, പ്രതീക്ഷ, അറിവ്, കരുത്ത്, പ്രിയതോഴർ, വാർധക്യത്തിലെ താങ്ങ് എന്നിങ്ങനെ പല രൂപങ്ങളിൽ കാണുന്നു. ഇതിലൂടെ പുസ്തകങ്ങളോടുള്ള കവിയുടെ ആഴത്തിലുള്ള സ്നേഹവും ആദരവും വ്യക്തമാകുന്നു. പുസ്തകങ്ങൾ മനുഷ്യന്റെ ചിന്തകളെ പ്രകാശിപ്പിക്കുകയും അറിവ് വർധിപ്പിക്കുകയും ജീവിതത്തെ കൂടുതൽ അർഥപൂർണമാക്കുകയും ചെയ്യുന്നു.

ലളിതമായ ഭാഷയും മനോഹരമായ ഉപമകളും ആവർത്തനങ്ങളും കവിതയ്ക്ക് ആസ്വാദ്യത നൽകുന്നു. വായന കുറയുന്ന ഇന്നത്തെ കാലത്ത് പുസ്തകങ്ങളുടെ പ്രാധാന്യം ഓർമിപ്പിക്കുന്നതിനാൽ കവിതയ്ക്ക് സമകാലിക പ്രസക്തിയും ഏറെയാണ്. പുസ്തകങ്ങളെ സ്നേഹിക്കുകയും സംരക്ഷിക്കുകയും വായനാശീലം വളർത്തുകയും ചെയ്യണമെന്ന സന്ദേശമാണ് കവിത നൽകുന്നത്.

---

**Visit : mukulam malayalam for more resources.Ph:9562521509**

mukulam malayalam